# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 263 11-6-2012-ലെ മറുപടിക്ക്.

### തീരദേശ പോലീസ് സ്റ്റേഷനുകളിൽ സുരക്ഷാ ബോട്ടുകൾ

ചോദ്യം :

ശ്രീ. എ. പ്രദീപ് കുമാർ

ഉത്തരം :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി

| | | | |
|---|---|---|---|
| (എ) | കടലിൽ മൽസ്യബന്ധനത്തിനു പോകുന്ന തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനായി തീരദേശ പോലീസ് സ്റ്റേഷനു കളിൽ രക്ഷാ ബോട്ടുകൾ എർപ്പെടുത്തുവാൻ തിരുമാനിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ ഏതെല്ലാം തീരദേശ പോലീസ് സ്റ്റേഷനുകളിലാണ് രക്ഷാ ബോട്ടുകൾ ഏർപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ആദ്യഘട്ടത്തിൽ പ്രവർത്തനം ആരംഭിച്ച ചുവടെ ചേർത്തിരിക്കുന്ന 7 തീരദേശ പോലീസ് സ്റ്റേഷനുകളിൽ (വിഴിഞ്ഞം,-തിരുവനന്തപുരം, നീണ്ടകര,-കൊല്ലം, തോട്ടപ്പള്ളി-ആലപ്പുഴ ഫോർട്ട് കൊച്ചി-എറണാകുളം, അഴീക്കോട്- തൃശൂർ, ബേപ്പൂർ -കോഴിക്കോട്, തളങ്കര-കാസർഗോഡ്) രക്ഷാ ബോട്ടുകൾ ലഭ്യമാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (സി) | ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) | ആദ്യഘട്ടത്തിൽ പ്രവർത്തനം ആരംഭിച്ച 7 തീരദേശ പോലീസ് സ്റ്റേഷനുകൾക്കും ഓരോ രക്ഷാ ബോട്ടുകളും, ബോട്ടൊന്നിന് ഒരു കമാണ്ടർ, ഒരു അസിസ്റ്റന്റ് കമാണ്ടർ, നാല് സ്പെഷ്യൽ മറൈൻ ഹോം ഗാർഡുകൾ എന്ന തോതിൽ |

| | | | |
|---|---|---|---|
| | | | കരാറടിസ്ഥാനത്തിൽ സഞ്ചിത മാസ ശമ്പളം യഥാക്രമം -23,500 (ബോട്ട് കമാണ്ടർ), 22,500 (അസിസ്റ്റന്റ് ബോട്ട് കമാണ്ടർ), 15,000 + 150 റിസ്ക് അലവൻസ് (മറൈൻ ഹോം ഗാർഡ്) നിയമിക്കുന്നതിനും ഉത്തരവാ യിട്ടുണ്ട്. നിയമന നടപടികൾ ഇതിനോ ടകം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ